**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2762** **13-10-2021 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ ക്ഷേത്രം ജീവനക്കാർക്ക് ദേവസ്വം ബോർഡ് നൽകിയ സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കോവിഡ് പ്രതിസന്ധി കാലഘട്ടത്തിൽ വയനാട് ജില്ലയിലെ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള അമ്പലങ്ങളിലെ ജീവനക്കാർക്ക് ശമ്പളം മുടങ്ങുന്ന സ്ഥിതി ഉണ്ടായിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | വയനാട് ജില്ലയിലെ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള, 20 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് നിബന്ധനകൾക്ക് വിധേയമായി മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നും ശമ്പള ധനസഹായം അനുവദിച്ചു വരുന്നുണ്ട്. എന്നാൽ കോവിഡ് - 19 മഹാമാരി സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി മൂലം, ക്ഷേത്ര ജീവനക്കാർക്ക് അതാത് ക്ഷേത്രങ്ങളിൽ നിന്നും അനുവദിക്കേണ്ട ശമ്പള വിഹിതം നൽകാൻ സാധിക്കാത്ത സ്ഥിതിവിശേഷം പല ക്ഷേത്രങ്ങൾക്കും ഉണ്ടായിട്ടുണ്ട്. |
| (ബി) | വയനാട് ജില്ലയിലെ ക്ഷേത്രം ജീവനക്കാർക്ക് കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ ദേവസ്വം ബോർഡ് നൽകിയ സഹായങ്ങൾ വ്യക്തമാക്കാമോ? | (ബി) | കോവിഡ് -19 മഹാമാരി സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിമൂലം ക്ഷേത്ര ജീവനക്കാർക്കുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സർക്കാരും മലബാർ ദേവസ്വം ബോർഡും സ്വീകരിച്ചിട്ടുണ്ട്. മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നും ശമ്പള ധനസഹായം കൈപ്പറ്റിവരുന്ന ക്ഷേത്രങ്ങളിലെ ഓരോ ജീവനക്കാരനും അർഹതപ്പെട്ട ശമ്പളകുടിശ്ശിക അനുവദിക്കുമ്പോൾ തിരിച്ചു പിടിക്കുന്നതാണെന്ന വ്യവസ്ഥയിൽ രണ്ട് തവണകളായി ആകെ 30,000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക്, ക്ഷേത്ര വരുമാനം അടിസ്ഥാനപ്പെടുത്തി, അർഹതപ്പെട്ട ശമ്പളകുടിശ്ശികയും അനുവദിക്കുന്നുണ്ട്. മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നും ശമ്പള കുടിശ്ശിക ലഭിക്കാൻ അർഹതയില്ലാത്ത ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക്, മതിയായ ഫണ്ടോ നിക്ഷേപങ്ങളോ ക്ഷേത്രത്തിന് ഇല്ലാത്തതിനാൽ ശമ്പളം ലഭിക്കാത്ത സാഹചര്യം ഉണ്ടെങ്കിൽ, അത്തരം ക്ഷേത്രങ്ങളിലെ ഓരോ ജീവനക്കാരനും |

| | | | |
|---|---|---|---|
| | | | പരമാവധി 1,00,000/- രൂപ വീതം മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ